**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 24** **16-09-2025 - ൽ മറുപടിയ്ക്ക്**

**പി. എസ്. സി. യുടെ ആസ്ഥാന ഓഫീസിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പി. എസ്. സി. യുടെ ആസ്ഥാന ഓഫീസിൽ നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, മരാമത്ത് പണികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, അതിനായി ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിച്ച സർക്കാർ ഏജൻസി, സ്വകാര്യ സ്ഥാപനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങളെല്ലാം നിർവ്വഹിച്ചിട്ടുള്ളത്. |
| (സി) | പി. എസ്. സി. ആസ്ഥാന ഓഫീസിൽ ക്യാന്റീൻ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനായി 2025 വർഷത്തിൽ ചെലവാക്കിയ തുക എത്രയാണ്; എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിൽ വരുത്തിയത്? | (സി) | ക്യാന്റീൻ മെയിന്റനൻസുമായി ബന്ധപ്പെട്ട് സിവിൽ ജോലികൾക്കായി ആകെ 18,25,506/- രൂപ ചെലവായിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികൾക്കായി 2,44,144/- രൂപയുടെ ജോലികളും നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ ക്യാന്റീനിലേക്ക് പുതിയ കസേരകൾ വാങ്ങിയ വകയിൽ 31,850/- രൂപയും, വാട്ടർ പ്യൂരിഫയർ (സാന്റ് ഫിൽറ്റർ & കാർബൺ ഫിൽറ്റർ) വാങ്ങിയ വകയിൽ 46,610/- രൂപയും ചേർത്ത് ആകെ 21,48,110/- രൂപ ക്യാന്റീൻ പുനരുദ്ധാരണത്തിനായി ചെലവാക്കിയിട്ടുണ്ട്.<br><br>പൂർത്തിയാക്കിയ പ്രവൃത്തികൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

## Details of Civil work

| Sl. No. | Name of Work | Bill Amount / Estimate Amount |
|---|---|---|
| 1 | അഡീഷണൽ ബ്ലോക്കിൽ GI Sheet partition, Truss Column base എന്നിവയുടെ മെയിന്റനൻസ്. | Rs. 3,35,444/- |
| 2 | അഡീഷണൽ ബ്ലോക്കിൽ പുതിയ ജനൽ ഷട്ടറുകൾ സ്ഥാപിക്കലും, ടോയിലറ്റുകളുടെ അറ്റകുറ്റപണികളും. | Rs. 10,36,240/- |
| 3 | അഡീഷണൽ ബ്ലോക്കിന് മുൻവശത്തായി കാർ പാർക്കിംഗ് ഷെഡിന്റെ നിർമ്മാണം. | Rs. 5,34,789/- |
| 4 | കോമ്പൗണ്ടിലെ പ്രധാന ഗേറ്റിന്റെ അറ്റകുറ്റപണികളും, പെയിന്റിംഗും, കൂടാതെ നെയിം ബോർഡുകളും, റിഫ്ളക്ടർ എന്നിവ സ്ഥാപിച്ചതും മറ്റ് അനുബന്ധ ജോലികളും. | Rs. 4,60,107/- |
| 5 | അഡീഷണൽ ബ്ലോക്കിൽ ഗ്രൗണ്ട്, ഫസ്റ്റ് ഫ്ലോർ എന്നിവിടങ്ങളിലെ രണ്ട് ഗസ്റ്റ് റൂമുകളുടെ അറ്റകുറ്റപണികൾ. | Rs. 3,33,934/- |
| 6 | അഡീഷണൽ ബ്ലോക്കിലെ റൂഫ് ടോപ്പിൽ ഒ.എം.ആർ.സ്ക്റിപ്റ്റുകൾ സൂക്ഷിക്കുന്നതിനായി സ്റ്റോറേജ് റൂം നിർമ്മാണം. | Rs. 2,60,325/- |
| 7 | രണ്ട് ഭിന്നശേഷി സൗഹൃദ ടോയിലറ്റുകളുടെ നിർമ്മാണം. | Rs. 5,23,834/- |
| 8 | ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിലെ ചോർച്ച പരിഹരിക്കുന്നതിനും, ഫാൾസ് സീലിംഗ് സ്ഥാപിച്ചതും മറ്റ് അനുബന്ധ ജോലികളും. | Rs. 15,32,444/- |
| 9 | ബി. ആർ. അംബേദ്കർ ഹാളിൽ പൊതുജനങ്ങൾക്കായി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി നടത്തിയ സിവിൽ ജോലികൾ. | Rs. 70,26,349/- |
| 10 | ഒ. എം. ആർ സ്കാനിംഗ് റൂം എക്സ്റ്റൻഷനുമായി ബന്ധപ്പെട്ട് നിലവിലെ കെട്ടിടത്തിലെ റൂഫിംഗിന് അഡീഷണൽ സപ്പോർട്ട് നൽകിയതുമായി ബന്ധപ്പെട്ട് ജോലികൾ. | Rs. 1,07,363/- |
| 11 | പുതുതായി നിർമ്മിച്ച ഒ. എം. ആർ സ്കാനിംഗ് റൂം. | Rs. 6,04,529/- |
| 12 | ആസ്ഥാന ഓഫീസിൽ സ്ഥാപിച്ച ചരിത്ര മ്യൂസിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആദ്യഘട്ട സിവിൽ ജോലികൾ. | Rs. 5,46,629/- |
| 13 | പരീക്ഷാ കൺട്രോളറുടെ ഓഫീസ് മുൻവശത്തായി കനോപ്പി നിർമ്മാണവും, അഡീഷണൽ ബ്ലോക്കിലെ അറ്റകുറ്റപണികളും | Rs. 4,92,001/- |

| | | |
|---|---|---|
| 14 | മെമ്പേഴ്സ് കാർ പാർക്കിംഗ് ഷെഡ്ഡുകളുടെ അറ്റകുറ്റപണികൾ. | Rs. 4,48,335/- |
| 15 | വർക്ക് സ്റ്റേഷൻ മെയിന്റനൻസും അനുബന്ധ ജോലികളും. | Rs. 1,41,707/- |
| 16 | ഡോ. ബി. ആർ. അംബേദ്കർ ഹാളിലെ ചോർച്ച പരിഹരിക്കുന്നതിനായി കാലപ്പഴക്കം ചെന്ന റൂഫിംഗ് ഷീറ്റ് മാറ്റി പുതിയത് സ്ഥാപിച്ചത്. | Rs. 11,85,830/- |
| 17 | പുതുതായി നിർമ്മിച്ച ഒ. എം. ആർ. സ്കാനിംഗ് റൂമിന്റെ അവസാനഘട്ട ജോലികൾ. | Rs. 2,83,887/- |
| 18 | അഡീഷണൽ ബ്ലോക്കിൽ ഗ്രൗണ്ട്, ഫസ്റ്റ് ഫ്ലോർ എന്നിവിടങ്ങളിൽ രണ്ട് ടോയിലറ്റുകളുടെ നിർമ്മാണം. | Rs. 14,37,434/- |
| 19 | അഡീഷണൽ ബ്ലോക്കിലെ മൂന്നാം നിലയിലുള്ള ലേഡീസ് ടോയിലറ്റ്, വെയിറ്റിംഗ് റും എന്നിവിടങ്ങളിലെ വാട്ടർ ലീക്ക് പരിഹരിക്കുന്നതിനായുള്ള മെയിന്റനൻസ് ജോലികൾ. | Rs. 2,54,268/- |
| 20 | ബഹു. കമ്മീഷനംഗങ്ങൾ ഉപയോഗിച്ചുവരുന്ന കാലപ്പഴക്കം ചെന്ന ടോയിലറ്റുകളുടെ അറ്റകുറ്റപണികൾ. | Rs. 15,68,150/- |
| 21 | പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ചോദ്യപ്പേപ്പർ സൂക്ഷിക്കുന്നതിനായുള്ള സ്ട്രോങ്ങ് റൂമിന്റെ ഒന്നാം ഘട്ട നിർമ്മാണം. | Rs. 34,90,255/- |
| 22 | ആസ്ഥാന ഓഫീസിൽ ക്യാന്റീൻ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ. | Rs. 18,25,506/- |
| 23 | എൻക്വയറി, സന്ദർശകരുടെ വിശ്രമകേന്ദ്രം എന്നിവിടങ്ങളിലെ അറ്റകുറ്റപണികളും നവീകരണവും. | Rs. 19,74,136/- |
| 24 | ക്യാമ്പസിനുള്ളിൽ സ്ഥിതി ചെയ്യുന്ന പൈതൃക മന്ദിരത്തിന്റെ മേൽക്കൂരയുടെ മെയിന്റനൻസ്. | Rs. 17,21,780/- |
| 25 | ആസ്ഥാന ഓഫീസിൽ സ്ഥാപിച്ച ചരിത്ര മ്യൂസിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ടാംഘട്ട സിവിൽ ജോലികൾ. | Rs. 4,84,163/- |
| 26 | ബി. ആർ. അംബേദ്കർ ഹാളിൽ മഴവെള്ള പാത്തി സ്ഥാപിച്ചത്. | Rs. 78,865/- |
| 27 | ബഹു. ചെയർമാന്റെ ചേമ്പറിൽ ഫ്ലോറിംഗ് ചെയ്തത്. | Rs. 3,07,493/- |
| 28 | പാർക്കിംഗ് ഏര്യ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇന്റർലോക്ക് ടൈൽ പാകുന്ന ജോലികൾ. | Rs.9,29,023/- |
| 29 | ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ രണ്ടാം നിലയുടെ മുകളിലായി വെരിഫിക്കേഷൻ ഹാൾ നിർമ്മാണം. | Rs. 1,06,89,759/- |

# Details of Electrical Work

| Sl. No. | Name of Work | Bill Amount / Estimate Amount |
|---|---|---|
| 1 | ക്യാന്റീൻ മെയിന്റനൻസുമായി ബന്ധപ്പെട്ട് ചെയ്ത ഇലക്ട്രിക്കൽ ജോലികൾ. | Rs. 2,44,144/- |
| 2 | എൻക്വയറി ബിൽഡിംഗ് മെയിന്റനൻസ് & എയർ കണ്ടീഷനിംഗ് ജോലികൾ. | Rs. 2,33,026/- |
| 3 | പി. ആർ. ഒ. ഓഫീസ്, അംബേദ്കർ ഹാൾ എന്നിവിടങ്ങളിലെ ഇലക്ട്രിക്കൽ ജോലികൾ. | Rs. 9,95,473/- |
| 4 | കമ്മീഷൻ ഹാൾ, ജി. ആർ. വിഭാഗം, പി. എ. മാരുടെ ഓഫീസ് എന്നിവിടങ്ങളിൽ യു.പി.എസ്. കണക്ഷൻ. | Rs. 3,80,443/- |
| 5 | ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് വിഭാഗത്തിലെ ഇലക്ട്രിക്കൽ ജോലികൾ. | Rs. 3,88,202/- |
| 6 | ഓൺലൈൻ എക്സാമിനേഷൻ സെന്ററിലും വെരിഫിക്കേഷൻ ഹാളിലും പൂർത്തിയാക്കിയ ഇലക്ട്രിക്കൽ ജോലികൾ. | Rs. 1,58,683/- |
| 7 | സബ് പാനൽ ബോർഡുകളിൽ ചെയിഞ്ച് ഓവർ സ്വിച്ചുകൾ സ്ഥാപിച്ചത്. | Rs. 1,68,313/- |
| 8 | ഓഫീസിൽ ഹൈ ടെൻഷൻ കണക്ഷനിലേക്ക് മാറ്റിയതുമായി ബന്ധപ്പെട്ട ജോലികൾ. | Rs. 1,94,566/- |
| 9 | ആർ 1, ഇ. എഫ് വിഭാഗങ്ങളിൽ വർക്ക് സ്റ്റേഷൻ നിർമ്മിച്ചതോടൊപ്പമുള്ള ഇലക്ട്രിക്കൽ ജോലികൾ. | Rs. 6,34,239/- |
| 10 | കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഓഫീസിൽ കമ്പ്യൂട്ടർ പ്ലഗ്ഗുകൾ സ്ഥാപിച്ചതും അനുബന്ധ ഇലക്ട്രിക്കൽ ജോലികളും. | Rs. 3,50,083/- |

അനുബന്ധം 2

## ക്യാന്റീൻ കെട്ടിടത്തിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ പ്രവൃത്തികൾ

1. റൂഫിലെ ആസ്ബെസ്റ്റോസ് ഷീറ്റുകൾ മാറ്റി പകരം GI sheet സ്ഥാപിച്ചിട്ടുണ്ട്.
2. ഡൈനിംഗ് ഹാളിലെ പഴയ ഫാൾസ് സീലിംഗ് മാറ്റി പുതിയത് സ്ഥാപിക്കുകയും, കിച്ചണിൽ പുതുതായി ഫാൾസ് സീലിംഗ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
3. ക്യാന്റീൻ ഭിത്തികളിൽ സ്ഥാപിച്ചിരുന്ന പഴയ GI mesh മാറ്റി പകരം അലുമിനിയം ഗ്രിൽ സ്ഥാപിച്ചിട്ടുണ്ട്.
4. ജനലുകളും വാതിലുകളും റിപ്പയർ ചെയ്തിട്ടുണ്ട്.
5. കേടായ പ്ലംബിംഗ് ലൈനുകളും ഫിറ്റിംഗ്സുകളും മാറ്റി പുതിയത് സ്ഥാപിച്ചിട്ടുണ്ട്.
6. കിച്ചൻ വാഷ് ഏര്യ, ഹാൻഡ് വാഷ് ഏര്യ എന്നിവ നവീകരിച്ചിട്ടുണ്ട്.
7. ഡോർ, ക്യാബിൻ എന്നിവയുടെ അലുമിനിയം ഫാബ്രിക്കേഷൻ ജോലികൾ നിർവ്വഹിച്ചിട്ടുണ്ട്.
8. മുഴുവൻ ഫ്ലോർ ഏര്യയും വിട്രിഫൈഡ് ടൈൽ പതിപ്പിച്ച് എപ്പോക്സി ചെയ്യുകയും, കൂടാതെ കിച്ചൺ ഭിത്തികളിൽ വാൾ ടൈൽ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്.
9. വാട്ടർ പ്യൂരിഫയർ റൂം നിർമ്മിച്ചു.
10. ഇന്റീരിയർ എക്സ്റ്റീരിയർ ഫുൾ ഏര്യയിൽ പെയിന്റിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.